പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5551 | 28.07.2015 ൽ മറുപടിയ്ക്ക് |
|---|---|
| **നിർഭയ പദ്ധതി** | |
| ചോദ്യം | ഉത്തരം |
| ശ്രീ.ഇ.പി.ജയരാജൻ | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നിർഭയ പദ്ധതി നടപ്പിലാക്കുന്നതിന് ആകെ എത്ര തുക 2014-2015 - ൽ വകയിരുത്തുകയുണ്ടായി; | (എ) സംസ്ഥാനത്ത് നിർഭയ പദ്ധതി നടപ്പിലാക്കുന്നതിന് 2014 - 15 ൽ 2235-02-103-74 പ്ലാൻ ശീർഷകത്തിൽ സപ്ലിമെന്ററി ഡിമാൻറ് ഫോർ ഗ്രാൻറായി 1,56,36,000/- രൂപയും 4235-02-103-99 ശീർഷകത്തിൽ നിർഭയ ഷെൽട്ടർ ഹോമുകളുടെ നിർമ്മാണത്തിനായി 9 കോടി രൂപയും വകയിരുത്തുകയുണ്ടായി. |
| (ബി) കേന്ദ്ര വിഹിതമായി നിർഭയ പദ്ധതി നടത്തിപ്പിന് 2014-2015 - ൽ എത്ര തുക ലഭിക്കുകയുണ്ടായി ? | (ബി) കേന്ദ്ര വിഹിതമായി 2014-15 ൽ നിർഭയ പദ്ധതി നടത്തിപ്പിന് തുക ലഭിച്ചിട്ടില്ല. |
| (സി) നിർഭയ പദ്ധതി പ്രകാരം നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാം; | (സി) നിർഭയ പദ്ധതിപ്രകാരം നടത്തിയ പ്രവർത്തനങ്ങൾ താഴെപ്പറയുന്നു.<br>1) 9 ജില്ലകളിലായി 10 നിർഭയ ഷെൽട്ടർ ഹോമുകൾ പ്രവർത്തിക്കുന്നുണ്ട്. എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ സന്നദ്ധ സംഘടനകൾക്കും തിരുവനന്തപുരം, മലപ്പുറം, ഇടുക്കി, പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ കേരള മഹിളാ സമഖ്യ സൊസൈറ്റിക്കും ഹോമുകളുടെ മേൽനോട്ട ചുമതല നൽകിയിട്ടുണ്ട്. തിരുവനന്തപുരം, വയനാട്, തൃശ്ശൂർ ജില്ലകളിലെ ഹോമുകൾ ഒഴികെ മറ്റെല്ലാ ജില്ലകളിലും വാടക കെട്ടിടങ്ങളിലാണ് ഹോമുകൾ പ്രവർത്തിക്കുന്നത്.<br>2) പീഡനത്തിനിരയായവർക്ക് ഒരു കുടക്കീഴിൽ നിന്നും കൗൺസലിംഗ്, വൈദ്യ, നിയമ, പോലീസ് സംരക്ഷണ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി 14 ജില്ലാ ആശുപത്രികളിലും 7 താലൂക്ക് ആശുപത്രികളിലും പ്രവർത്തിച്ചിരുന്ന ഭൂമിക സെന്ററുകളെ വൺ സ്റ്റോപ്പ് ക്രൈസിസ് സെല്ലാക്കി മാറ്റുകയും 21 അഡീഷണൽ |

| | |
|---|---|
| | കൗൺസിലർമാരെ എൻആർഎച്ച്എം വഴി നിയമിയ്ക്കുകയും ചെയ്തിട്ടുണ്ട്.<br>3) ജാഗ്രതാ സമിതികളെ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി തൃശ്ശൂർ കില വഴി പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ കരട് ബിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ അംഗീകാരത്തിനായി നൽകിയിട്ടുണ്ട്. പഞ്ചായത്ത് അധികാരികൾ, ജാഗ്രതാ സമിതി അംഗങ്ങൾ തുടങ്ങിയവർക്ക് പരിശീലനം നൽകുന്നതിനായി 50 ലക്ഷം രൂപ നിർഭയയിൽ നിന്നും കില ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.<br>4) നിർഭയ പദ്ധതി പ്രകാരം ഒരു ടോൾഫ്രീ സെന്റർ പ്രവർത്തിച്ചുവരുന്നുണ്ട്. (ടോൾ ഫ്രീ നമ്പർ. 1800 425 1400) ടെലികൗൺസലിംഗ് നടത്തുന്നതിനായി രണ്ട് കൗൺസിലർമാർ മുഴുവൻ സമയവും പ്രവർത്തിച്ചുവരുന്നു.<br>5) നിർഭയ പദ്ധതിയെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി വിവിധ ദൃശ്യ-ശ്രവ്യ-പത്ര മാധ്യമങ്ങളിലൂടെ പ്രചരണ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്<br>6) സ്കൂൾ തലത്തിൽ നിർഭയ പദ്ധതിയുടെ ഭാഗമായിട്ടുള്ള പരിശീലനങ്ങൾ നടത്തി വരുന്നു.<br>7) പീഡനത്തിനിരയായവർക്ക് നിർഭയ പദ്ധതിയുടെ കീഴിൽ സാമ്പത്തിക സഹായം നൽകി വരുന്നു.<br>8) പോക്സോ ആക്ട് 2012, ക്രിമിനൽ ലോ അമൻമെൻറ് ആക്ട് 2013 എന്നിവയെ സംബന്ധിച്ച പ്രചാരണവും പരിശീലന പരിപാടികളും സംഘടിപ്പിച്ചു വരുന്നു. |
| (ഡി) 2014-2015 - ൽ നിർഭയ പദ്ധതിയിൽ എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ? | (ഡി) 2014-15 ൽ 2235-02-103-74 പ്ലാൻ ശീർഷകത്തിൽ 1,36,91,237/- രൂപയും 4235-02-103-99 ശീർഷകത്തിൽ നിർഭയ ഷെൽട്ടർ ഹോമുകളുടെ നിർമ്മാണത്തിനായി 2,55,00,000/- രൂപയും ചെലവഴിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ